8279

സമ്പർ.സി.1/29111/ട്ടി.സി./2013

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി,11.04.2014.

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – പട്ടിക വർഗ്ഗ യുവതികൾക്ക് വിതരണം ചെയ്യുന്ന ഓട്ടോറിക്ഷകൾ അനുമതി കൂടാതെ കൈമാറ്റം ചെയ്യരുത് എന്നുള്ള വ്യവസ്ഥ ചേർക്കുന്നത് – സംബന്ധിച്ച്.

സൂചന :- 02.12.2013 തീയതിയിലെ പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കത്ത് നമ്പർ.ബി.2/17200/2012(2).

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. സൂചന പ്രകാരമുള്ള നിവേദനത്തിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിട്ടുള്ളത് പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് സൗജന്യമായി നൽകിയിട്ടുള്ള ഓട്ടോറിക്ഷകൾ പട്ടിക വർഗ്ഗ വകുപ്പിന്റെ അനുവാദമില്ലാതെ ക്രയ വിക്രയം ചെയ്യുവാൻ സാധിയ്ക്കുകയില്ല എന്നുള്ള വ്യവസ്ഥ കൂടി ആർ.സി. ബുക്കിൽ ഉൾപ്പെടുത്തണമെന്നാണ്. വാഹനങ്ങളുടെ കൈമാറ്റവും, ക്രയ വിക്രയം നടത്തുന്നതിന് മോട്ടോർ വാഹന വകുപ്പിന് അധികാരമില്ലാ എങ്കിൽ പോലും പട്ടിക വർഗ്ഗ വികസന വകുപ്പ് സൗജന്യമായി വിതരണം ചെയ്തിട്ടുള്ള ഓട്ടോറിക്ഷകൾ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ അനുവാദമില്ലാതെ കൈമാറ്റം ചെയ്യുവാൻ പാടില്ല എന്ന വ്യവസ്ഥ കമ്പ്യൂട്ടറിൽ റിമാർക്സിലോ ഒബ്ജക്ഷനിലോ രേഖപ്പെടുത്തേണ്ടതാണ്. <u>ഇത്തരം വാഹനങ്ങൾക്ക് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ അനുമതി നിഷ്കർഷിയ്ക്കേണ്ടതാണ്.</u>

വിശ്വസ്തതയോടെ,
(ഒപ്പ്)
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ട്രാക്ഷേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

പകർപ്പ്:- ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം. പട്ടിക വർഗ്ഗ വികസന വകുപ്പ് സൗജന്യമായി നൽകിയിട്ടുള്ള ഓട്ടോറിക്ഷകളെ സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ലഭ്യമാക്കണമെന്ന് അപേക്ഷിയ്ക്കുന്നു.

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്
ഐ.എസ്.

മോട്ടോർ വാഹന വകുപ്പ്, കോഴിക്കോട്